# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2788      13/03/2020 ൽ മറുപടിയ്ക്ക്

## സാക്ഷരതാമിഷൻ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സാക്ഷരതാമിഷൻ തുടർവിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി തുല്യതാപരിപാടികൾ നടത്തിവരുന്നു. വിവിധ കാരണങ്ങളാൽ ഇടയ്ക്ക് വച്ച് പഠനം നിർത്തേണ്ടതായിവന്നവർക്കായി അനൗപചാരികവിദ്യാഭ്യാസ മേഖലയിൽ സാക്ഷരതാമിഷൻ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടിയാണ് തുല്യതാപരിപാടികൾ . സാക്ഷരത വിജയിച്ചവർക്കുവേണ്ടി ആരംഭിച്ച തുടർവിദ്യാഭ്യാസപരിപാടിയാണ് 6 മാസം ദൈർഘ്യമുള്ള നാലാംതരം തുല്യത. നാലാംതരം തുല്യത വിജയിച്ചവർക്കും ഔപചാരിക നാലാം ക്ലാസ് വിജയിച്ചവർക്കുമായി തുടർവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്ന തുല്യതാപരിപാടിയാണ് ഏഴാംതരം തുല്യത. ഈ കോഴ്സിന്റെ കാലാവധി എട്ട് മാസമാണ്. ഏഴാംതരം തുല്യത വിജയിച്ചവർക്കും ഔപചാരികവിദ്യാഭ്യാസത്തിൽ ഏഴാംക്ലാസ് പാസായവർക്കും വേണ്ടി 2006 മുതൽ സാക്ഷരതാമിഷൻ ആരംഭിച്ച തുല്യതാപരിപാടി യാണ് പത്താംതരം തുല്യത. പത്ത് മാസം ദൈർഘ്യമാണ് ഈ കോഴ്സിന്റെ കാലാവധി. പത്താംതരം തുല്യത വിജയിച്ചവർക്കും ഹയർസെക്കണ്ടറി/പ്രീഡിഗ്രി പരീക്ഷ വിജയിക്കാത്തവർക്കുമായി ആരംഭിച്ച തുല്യതാ പരിപാടിയാണ് ഹയർ സെക്കണ്ടറി തുല്യത. |
| (ബി) ഏഴാം തരം തുല്യതാ പരീക്ഷ എഴുതുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് മലയാളം വായിക്കുവാനും എഴുതുവാനും ലക്ഷ്യമിട്ട് സംസ്ഥാന സാക്ഷരതാമിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. കേരളത്തിൽതാമസിച്ച് തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി 'ചങ്ങാതി' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു |
| (ഡി) എങ്കിൽ ഇതിനോടകം എത്ര ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കി; വിശദാംശം നൽകുമോ? | (ഡി) ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കുന്ന പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ സംഘടിപ്പിച്ച **ചങ്ങാതി** പെരുമ്പാവൂർ മാതൃകാപദ്ധതിയിലൂടെ 469 പേരും, പതിമൂന്ന് ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കിയ ചങ്ങാതി രണ്ടാംഘട്ടത്തിൽ 2256 പേരും, ചങ്ങാതി പദ്ധതിയുടെ മൂന്നാംഘട്ടം 1641 പേരും സാക്ഷരരായി വിജയിച്ചു. |

സെക്ഷൻ ഓഫീസർ